## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ പ്രോജക്ട് നമ്പർ 122-സ്കൂളുകൾക്ക് ഉച്ചഭക്ഷണത്തിനായുള്ള പാത്രങ്ങളും അനുബന്ധ ഉപകരണങ്ങളും വാങ്ങിനൽകൽ--വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 38,310/രൂപയുടെ ചെലവിന് (ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-5 പ്രകാരം തടസപ്പെടുത്തിയത്) - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ)നം.1843 /16/തസ്വഭവ. തിരുവനന്തപുരം, തീയതി: 04/06/2016

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 03/10/2015-ലെ എം3-32508/15 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 29/03/2016-ലെ കെ.എസ്.എ 15818/പി.റ്റി1/2015 നമ്പർ കത്ത്.

### ഉത്തരവ്

ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2008-2009 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-5 പ്രകാരം സ്കൂളുകൾക്ക് ഉച്ചഭക്ഷണത്തിനായുള്ള പാത്രങ്ങളും അനുബന്ധ ഉപകരണങ്ങളും വാങ്ങിനൽകുന്നതിനായി, പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത് പ്രകാരം റോഡിതര സംരക്ഷണഗ്രാന്റ് ഉപയോഗിച്ച് ചെലവു ചെയ്യേണ്ടതിനുപകരം വികസനഫണ്ടിൽ നിന്നും 38,310/-(മുപ്പത്തി എട്ടായിരത്തി മുന്നൂറ്റിപത്ത് രൂപ മാത്രം)രൂപ ചെലവു ചെയ്തത് ആഡിറ്റ് നിരാകരിക്കുകയും പ്രസ്തുത തുക പഞ്ചായത്തിലെ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

ടി വിഷയത്തിൽ സാധൂകരണം നൽകുന്നതിനായി 17/03/2015 ലെ III(17)-ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ് , ജില്ലാതലആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പരാമർശം(1)പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. വികസനഫണ്ട് വക മാറ്റി ചെലവഴിച്ചതിനാലാണ് ആഡിറ്റ് തടസ്സം വന്നിട്ടുള്ളത്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യവും ആയത് ക്രമീകരിക്കാൻ പഞ്ചായത്ത് സ്വീകരിച്ച നടപടിയും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം(2)പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ , പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ ഖണ്ഡിക 3-5 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ ആഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ല എന്ന് അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പദ്ധതിനിർവ്വഹണത്തിൽ മറ്റ് ക്രമക്കേടുകളൊന്നും ആഡിറ്റ് ചൂണ്ടിക്കാണിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, പഞ്ചായത്ത് നടപ്പിലാക്കിയ സദുദ്ദേശപരമായ പദ്ധതി എന്ന നിലയ്ക്ക് , ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ പ്രോജക്ട് നംപർ 122-സ്കൂളുകൾക്ക് ഉച്ചഭക്ഷണത്തിനായുള്ള പാത്രങ്ങളും അനുബന്ധ ഉപകരണങ്ങളും വാങ്ങിനൽകൽ എന്ന പദ്ധതിയ്ക്ക് വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 38,310/ (മുപ്പത്തി എട്ടായിരത്തി മുന്നൂറ്റിപത്ത് രൂപ മാത്രം) രൂപയുടെ ചെലവിന് (ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-5 പ്രകാരം തടസപ്പെടുത്തിയത്) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സിദ്ധാർത്ഥൻ.എസ്
ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
പഞ്ചായത്ത് ഡെപ്യൂട്ടി ഡയരക്ടർ, ആലപ്പുഴ
സെക്രട്ടറി, നീലംപേരൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ